(ബി) 4 എ.ഇ.മാരുടെ ഒഴിവുകളുണ്ട്.

(സി) അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. അതിനാൽ ഈ കാര്യം ഇപ്പോൾ വ്യക്തമാക്കാൻ നിർവാഹമില്ല.

(ഡി) 5 വർഷമായി. ഈ കാറ്റഗറിയിൽ 7 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. ഇവയ്ക്കുള്ള നിയമനം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനുശേഷം നടത്താവുന്നതാണ്.

(എഫ്) ഈ കാര്യത്തിൽ വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റുമാരുടെ നിയമനം

52 (277) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റുമാരുടെ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ എംപ്ലോയ്മെന്റ് ഡെയിലി വേജസ് നിയമനം വഴി എത്രപേർ ജോലി ചെയ്യുന്നുണ്ട് ; വിശദമാക്കാമോ ;

(സി) ഇപ്പോൾ ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു ; വിശദമാക്കാമോ ;

(ഡി) ഒഴിവുള്ള തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30 പേരെ.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 12 പേരും ഡെയ്ലി വേജസിൽ 11 പേരും ജോലി ചെയ്യുന്നുണ്ട്.

(സി) 54 തസ്തികകൾ.

(ഡി) ഒഴിവുള്ള തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പ്രകാരം അവ നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly